പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1560 — 5.12.2014-ൽ മറുപടിക്ക്

## പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം ഉമ്മർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദമാക്കാമോ; | (എ) | പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്ലിംഗ് വഴി പുനരുപയോഗം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഞ്ചായത്ത്തലത്തിലും നഗരസഭാതലത്തിലും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിവരുന്നു. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് കവറുകൾ റീസൈക്ലിംഗിനും റോഡ് ടാറിംഗിനും ഉപയോഗപ്പെടുത്താൻ നടപടി എടുത്തിട്ടുണ്ട്. റോഡ് ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗവും ക്ലീൻ കേരള കമ്പനിയും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സിമന്റ് പ്ലാന്റുകളിലെ നിർമ്മാണ ചൂളകളിൽ കൽക്കരിയോടൊപ്പം ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് സഞ്ചികൾ ഇന്ധനമായി ഉപയോഗിക്കാൻ ദേശീയ തലത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ആയത് കേരളത്തിൽ നടപ്പിലാക്കാൻ പാലക്കാട്ടെ മലബാർ സിമന്റ്സ് നടപടി എടുത്തു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) ഉണ്ടാക്കി അവിടെ സംഭരിക്കാനും സ്ക്രാപ് ഡീലർമാർ വഴി അവ പുനഃചംക്രമണത്തിന് നൽകാനും ശുചിത്വമിഷന്റെ ജില്ലാ ഓഫീസുകൾ വഴി നടപടി എടുത്തുവരുന്നു. നഗരസഭാ പ്രദേശങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനി വഴി ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറാനും നടപടി എടുത്തിട്ടുണ്ട്. |
| (ബി) | ഇതിനു വേണ്ടി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (ബി) | ശുചിത്വമിഷനും ക്ലീൻ കേരള കമ്പനി ലിമിറ്റഡും മുഖേനയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. |
| സി) | ഇത്തരം സംസ്കരണകേന്ദ്രങ്ങളിൽ വേണ്ടതായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; | സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ